(ബി) ഇവരിൽ എത്രപേർ ജോലി ചെയ്യുന്ന തസ്തികയേക്കാൾ ഉയർന്ന തസ്തികയിലെ നിരക്കിൽ ശമ്പളം വാങ്ങുന്നുണ്ട് ;

(സി) സർക്കാർ നിയമിച്ച അനോമലി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്ഷൻ നൽകിവന്നവരെ റഗുലറൈസ് ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കാത്തതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കാത്തതുമൂലം പി.എസ്.സി. വഴി നിയമിച്ച ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തടഞ്ഞുവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്ഷൻ പ്രകാരം വന്ന ഉദ്യോഗസ്ഥരിൽ ഹയർ സെക്കണ്ടറി വകുപ്പിൽ റഗുലറൈസ് ചെയ്യുവാൻ താല്പര്യം പ്രകടിപ്പിക്കാത്ത ഉദ്യോഗസ്ഥരെ മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 59 പേർ

(ബി) 41 പേർ

(സി) ഉണ്ട്

(ഡി) ഇല്ല. പി.എസ്.സി. വഴി നിയമിച്ച ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി വരുന്നുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

40 കുട്ടികൾ തികയാത്ത പ്ലസ് വൺ ബാച്ചുകൾ

87 (4709) **ശ്രീമതി പി. അയിഷാ പോറ്റി** : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയനവർഷം പുതിയതായി അനുവദിച്ച 415 പ്ലസ് വൺ ബാച്ചുകളിൽ 40 കുട്ടികൾ തികയാത്ത എത്ര ബാച്ചുകൾ ഉണ്ട്;

ഉത്തരം

ഇതുവരെ 7 ബാച്ചുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly